വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസുകൾ

107 [1937] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരിൽ എത്ര പേരുടെ പേരിൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരിൽ ഓരോരുത്തർക്കും എതിരെയുള്ള കേസുകളുടെ വിശദ വിവരങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസുകളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻമാരുടെമേൽ ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) വനം വകുപ്പിലെ വിവിധ തസ്തികകളിലായി 12 ഉന്നത ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്. (തരംതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു):

		അന്വേഷണം	*കേസ്*
1.	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ	5	1
2.	അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ	4	3
3.	ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ	1	2
4.	ഫോറസ്റ്റ് കൺസർവേറ്റർ	2	3
5.	പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ		1

(ബി) ഇവരുടെ പേരിൽ വിജിലൻസ് അന്വേഷണവും വിജിലൻസ് കേസുകളുടെ അന്വേഷണവും പുരോഗമിച്ചുവരുന്നു. ആയതിനാൽ ഇതിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരുടെ പേരും കേസുകളുടെ വിശദാംശങ്ങളും വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(സി) & (ഡി) പ്രസ്തുത കേസുകളുടെ വിജിലൻസ് അന്വേഷണങ്ങളും കേസുകളുടെ അന്വേഷണവും പുരോഗമിച്ചുവരുന്നു. ഇതിൻമേൽ തീർപ്പു കൽപ്പിക്കുന്ന മുറയ്ക്ക് ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly